A

7001

# സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2022-23

## ആരോഗ്യ -കായികവിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം

സമയം : 2 മണിക്കൂർ

ക്ലാസ് : 7

സ്കോർ 45

**നിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപ്പേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്.അവയിലെല്ലാം പേര്,വിഷയം,ക്ലാസ്,ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

---

## ആരോഗ്യ-കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**


**(4 x 1 = 4)**

1. താഴെക്കൊടുത്തിരിക്കുന്നതിൽ നാടൻകളി ഏത്?
(ബോക്സിങ്ങ്, കിളിത്തട്ട് കളി, കയാക്കിംഗ്, കബഡി)

2. 2023 ൽ നടന്ന ആദ്യ അണ്ടർ 19 T-20 വുമൺ വേൾഡ് കപ്പ് വിജയിച്ച ടീം ഏത്?
(ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ട്, ഇന്ത്യ)

3. കളികളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ............................ ഉണ്ടാകുന്നു.
(ജീവിതശൈലീ രോഗങ്ങൾ, കായികക്ഷമത, അലസത, മാനസിക പിരിമുറുക്കം)

4. താഴെ കാണുന്ന ചിത്രം ഏത് ശരീരഘടനയിൽ പെടുന്നതാണ്?
(എക്ടോമോർഫ്, എൻഡോമോർഫ്, മീസോമോർഫ്, ഡ്വാർഫ്)



5. വെള്ളത്തിൽ സ്വജീവനും മറ്റുള്ളവരുടെ ജീവനും സംരക്ഷിക്കുന്നതിന് ......................... നമ്മെ സഹായിക്കുന്നു.
(ഓട്ടം, നീന്തൽ, കായികക്ഷമത, കയാക്കിംഗ്)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

**(4 x 2 = 8)**

6. നാല് ടെലിവിഷൻ സ്പോർട്സ് ചാനലുകളുടെ പേര് എഴുതുക?
7. മികച്ച കായിക താരത്തെ വളർത്തുവാൻ വേണ്ട അനുകൂല ഘടകങ്ങൾ ഏതെല്ലാം?
8. കേരളത്തിൽ കായിക മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന രണ്ട് ഗവൺമെന്റ് സ്ഥാപനങ്ങളുടെ പേരെഴുതുക?

9. രണ്ട് ടെന്നീസ് ഗ്രാൻസ്ലാം മത്സരങ്ങളുടെ പേരെഴുതുക.

10. ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ പാലിക്കേണ്ട മുൻ കരുതലുകളിൽ രണ്ടെണ്ണം എഴുതുക.

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **(1 x 3 = 3)**

11. മാധ്യമങ്ങൾ കായിക മേഖലയിൽ ചെലുത്തുന്ന ഗുണപരമായ സ്വാധീനത്തെക്കുറിച്ച് എഴുതുക?

12. നിലവാരം കുറഞ്ഞ മൈതാനങ്ങൾ ഒരു കായിക താരത്തിന്റെ പ്രകടനത്തെ ഏതെല്ലാം രീതിയിലാണ് ബാധിക്കുന്നത്?

## കലാവിദ്യാഭ്യാസം

**1 മുതൽ 5 വരെ യുള്ള ചോദ്യങ്ങളിൽ നാലുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(4 x 1 = 4)**

1. ചിത്രകലാസങ്കേതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രീതികളിലൊന്നാണ് ത്രിമാന കലാരൂപങ്ങൾ. ഈ കലാരൂപങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു?
(കൊളാഷ്, ചുമർചിത്രങ്ങൾ, ശിൽപങ്ങൾ, ജലച്ചായം)

2. കർണ്ണാടക സംഗീതത്തിൽ സപ്തസ്വരങ്ങൾ പഠിച്ചു തുടങ്ങുന്നത് ഏത് രാഗത്തിലാണ്?
(തോടി, ഹിന്ദോളം, മായാമാളവഗൗള, മോഹനം)

3. 'പോപ്‌രാജാവ്' എന്നറിയപ്പെടുന്ന പ്രസിദ്ധ സംഗീതജ്ഞൻ ആര്?
(മൈക്കിൾ ജാക്സൺ, സോനു നിഗം, ബെന്നി ദയാൽ, റസൂൽ പൂക്കുട്ടി)

4. മൃണാളിനി സാരാഭായ് ഏത് രംഗത്താണ് പ്രശസ്തയായത്?
(നാടകം, ഹിന്ദുസ്ഥാനി സംഗീതം, നാടൻപാട്ട്, ശാസ്ത്രീയനൃത്തം)

5. താഴെ കൊടുത്തിരിക്കുന്ന സിനിമാനടൻമാരിൽ ദേശീയ അവാർഡ് നേടിയതാര്?
(പൃഥ്വിരാജ്, ദുൽഖർസൽമാൻ, സുരാജ് വെഞ്ഞാറമൂട്, ആസിഫ് അലി)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലുചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(4 x 2 = 8)**

6. ശില്പ നിർമ്മാണത്തിനുപയോഗിക്കുന്ന രണ്ട് മാധ്യമങ്ങൾ ഏവ?

7. ഉചിതമായത് ചേർത്തെഴുതുക

| | | |
|---|---|---|
| പള്ളിവാള് ഭദ്രവട്ടകം | - | കുമ്മി |
| ഓമനത്തിങ്കൾക്കിടാവോ | - | നാടൻപാട്ട് |
| സംകൃതപമഗരി | - | താരാട്ട്പാട്ട് |
| വീരവിരാട കുമാരവിഭോ | - | മാപ്പിളപ്പാട്ട് |

8. ചിത്രങ്ങൾക്ക് നിറം നൽകാൻ ഉപയോഗിക്കുന്ന രണ്ട് മാധ്യമങ്ങൾ ഏതൊക്കെയാണ്?

9. ഒരു നടൻ തന്റെ കഥാപാത്രം ഭംഗിയായി അവതരിപ്പിക്കുന്നതിന് ഏതെല്ലാം രീതിയിൽ പരിശീലനം നടത്തേണ്ടതുണ്ട്?

10. താഴെകൊടുത്തിരിക്കുന്ന നൃത്തരൂപങ്ങൾ ഏതെന്ന് എഴുതുക?



A B C D

**11,12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **(1 x 3 = 3)**

11. നിറങ്ങളും മുദ്രാവാക്യങ്ങളും ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു പോസ്റ്റർ തയാറാക്കുക.

12. സ = 1, രി = 2, ഗ = 3, മ = 4 , പ = 5, ധ = 6, നി = 7 എന്നിങ്ങനെയാണെങ്കിൽ

123

1234

34345

4564567 എന്നത് എങ്ങനെ സ്വരങ്ങളായ് എഴുതാം?

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലുചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**(4 x 1 = 4)**

1. പൈനാപ്പിളിലും നാരങ്ങയിലും കൂടുതലായി അടങ്ങിയിരിക്കുന്ന വിറ്റാമിൻ ഏത്?
(വിറ്റാമിൻ സി, വിറ്റാമിൻ ബി, വിറ്റാമിൻ ഡി, വിറ്റാമിൻ കെ)
2. പൈപ്പ് കമ്പോസ്റ്റിൽ ജൈവമാലിന്യം നിറച്ചു കഴിഞ്ഞാൽ എത്രദിവസത്തിനുള്ളിൽ സംസ്കരിക്കപ്പെടും?
(2 മുതൽ 3 ദിവസം, 5 മുതൽ 10 ദിവസം, 20 മുതൽ 25 ദിവസം, 6 മുതൽ 8 ദിവസം)
3. പുകയില കഷായവും വെള്ളവും ഏത് അനുപാതത്തിൽ നേർപ്പിച്ചാണ് ചെടികളിൽ തളിക്കേണ്ടത്?
(5:10, 1:10, 4:10, 8:10)
4. ഗ്ലാസ് പെയിന്റിംഗ് ചെയ്യുമ്പോൾ ഗ്ലാസിന് പകരം ഉപയോഗിക്കാൻ കഴിയുന്ന ഷീറ്റ് ഏതാണ്?
(ട്രെയിസിംഗ് ഷീറ്റ്, റബ്ബർ ഷീറ്റ്, OHP ഷീറ്റ്, മെറ്റൽഷീറ്റ്)
5. ഷീറ്റ് മെറ്റൽ അടിച്ചുപരത്താൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ്?
(സ്റ്റാർപഞ്ച്, മാലറ്റ് (മരച്ചുറ്റിക), സ്നിപ്പ്സ്, സ്ക്രൂഡ്രൈവർ)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലുചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**(4 x 2 = 8)**

6. പ്ലാസ്റ്റർഓഫ് പാരിസ് ഉപയോഗിച്ച് നിർമിക്കാൻ സാധിക്കുന്ന നാല് ഉൽപന്നങ്ങളുടെ പേര് എഴുതുക
7. ചിരട്ടക്കരിയുടെ രണ്ട് ഉപയോഗങ്ങൾ എഴുതുക.
8. ഫ്ളോചാർട്ട് പൂർത്തിയാക്കുക.

കായ്കനികളുടെ സംസ്കരണം → ശീതികരിച്ച് സൂക്ഷിക്കുക → [ ] → [ ] → [ ] → [ ]

9. എംബ്രോയ്ഡറി പ്രധാനമായും എത്രവിധം? ഏതെല്ലാം?
10. ചാർട്ട്പേപ്പർ ഉപയോഗിച്ച് നിർമിക്കാൻ സാധിക്കുന്ന നാല് പഠന ഉപകരണങ്ങളുടെ പേര് എഴുതുക.

(മറുപുറം)

(1 x 3 = 3)

11,12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.

11. താഴെ തന്നിരിക്കുന്ന അസംസകൃത വസ്തുക്കളെ പട്ടികപ്പെടുത്തുക. (മെഴുക്, ചന്ദനപ്പൊടി, കുമ്മായം, കരിപ്പൊടി, മോൾഡ്, പെർഫ്യൂം, കുളമാവ്പൊടി, പ്ലാസ്റ്റർഓഫ് പാരിസ്, എടനപ്പൊടി, കുമ്മായം, കരിപ്പൊടി, മോൾഡ്, പെർഫ്യൂം, കളർ, സ്റ്റിക്ക്)

| ചന്ദനത്തിരി നിർമാണം | ചോക്ക് നിർമാണം |
|---|---|
| | |

12. താഴെ കൊടുത്തിരിക്കുന്ന ടാൻഗ്രാം ഉപയോഗിച്ച് ഒരു തോണിയുടെ ചിത്രം വരച്ച് അനുയോജ്യമായ നിറം നൽകി പൂർത്തിയാക്കുക.

